Page 1 of 3

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറോട് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെതുടർന്ന് ടാർ ചെയ്യുന്നതിലേയ്ക്കാവശ്യമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാല പി.ഡബ്ല്യു.ഡി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

ഓൺലൈൻ സേവനങ്ങൾ

223(2943) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒരു വ്യക്തിക്ക് ഓഫീസ് സന്ദർശിക്കാതെ പൂർണ്ണമായും ഓൺലൈൻവഴി പൂർത്തീകരിക്കാവുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഡ്രൈവിംഗ് ടെസ്റ്റ് ഒഴികെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാവിധ സേവനങ്ങളും ഫാൻസി നമ്പർ റിസർവേഷൻ, വാഹനങ്ങളുടെ നികുതിയടവ്, വിവിധ പെർമിറ്റുകൾ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെ 36 സേവനങ്ങൾ ഓഫീസിൽ പോകാതെ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാണ്. പഴയ സോഫ്റ്റ്വെയറിൽ നിന്നും ഡാറ്റ വാഹൻ സാരഥിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇത്തരത്തിൽ മാറ്റപ്പെട്ടിട്ടുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയവയിൽ ചിലതിന് ഡാറ്റയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇ-മെയിൽ മുഖാന്തരമോ ഫോൺ മുഖേനയോ നേരിട്ടോ ശ്രദ്ധയിൽപ്പെടുമ്പോൾ വേഗത്തിൽ തന്നെ പരിഹരിച്ച കൊടുക്കുന്നുണ്ട്. ഓൺലൈൻ മുഖാന്തരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ഇലക്ട്രിക് വാഹനങ്ങൾ

224 (2944) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിനും അവയുടെ സ്ഥാനത്ത് ഇലക്ട്രിക്/ഹരിത ഇന്ധന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമാണ് സർക്കാർ സമീപനം. ഇലക്ട്രിക് വാഹന

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നയം രൂപീകരിച്ചുകൊണ്ട് 10-3-2019-ലെ ജി.ഒ. (എംഎസ്.) 24/2019/ട്രാൻസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ 01-06-2021 മുതൽ നിർത്തലാക്കിയിട്ടുണ്ട്. അവ ഇലക്ട്രിക്, CNG, LNG മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറിയാൽ മാത്രമേ തുടർന്നുള്ള കാലാവധിയിലേയ്ക്ക് ഫിറ്റ്നസ് മുതലായ രേഖകൾ പുതുക്കി നൽകുകയുള്ളൂ. സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യ 5 വർഷത്തെ ഒറ്റത്തവണ നികുതിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് പരമാവധി 30,000 രൂപ വരെ സബ്സിഡിയായി നൽകിവരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി 8 ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി. ബസ്സുകളായി പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23-3-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തി പ്രവർത്തന മികവ് വിലയിരുത്തി വരികയുമാണ്. കൂടാതെ M/s Petronet LNG-യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി ബസ്സുകൾ ലഭ്യമാക്കി 21-6-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തുവരികയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ആയതിനോടനുബന്ധിച്ചുള്ള തുടർനടപടിയായി proof of concept നടന്നുവരികയുമാണ്. കൂടാതെ നിലവിലുള്ള 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് വാഹന നിർമ്മാതാക്കളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചിരിക്കുകയാണ്.

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സർക്കാർ ഉത്തരവ് G.O.(MS)24/2019/Trans dated 10-3-2019 പ്രകാരം അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക് വാഹനനയമനുസരിച്ച് ഇത്തരം വാഹനങ്ങളുടെ നികുതിയിൽ ഇളവുനൽകുകയും ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ഇ.ബി.എൽ.ന്റെ സഹായത്തോടെ 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 22-4-2020-ലെ സർക്കാർ ഉത്തരവ് G.O.(P)21/2020/Trans പ്രകാരം 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകളുടെ നികുതി, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 23-2-2021-ലെ സർക്കാർ ഉത്തരവ് G.O.(P) No.12/2021/Trans in SRO No.231/2021, പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ തുകയുടെ 50% ഇളവനുവദിച്ചിട്ടുണ്ട്. നിലവിൽ 6 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇലക്ട്രിക് ആട്ടോറിക്ഷ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്.

മോട്ടോർ വാഹന നിയമവും ഡ്രൈവിംഗ് സ്കൂളുകളും

225 (2945) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ആർ. 394(ഇ) നമ്പർ ഉത്തരവ് പ്രകാരം 1-7-21-ൽ ഭേദഗതി ചെയ്ത് പ്രാബല്യത്തിൽവന്ന മോട്ടോർ വാഹന നിയമം ഡ്രൈവിംഗ് സ്കൂളുകളെയും റോഡ് ട്രാൻസ്പോർട്ട് മേഖലയെയും എങ്ങനെയെല്ലാം ബാധിക്കും എന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) ഈ നിയമംമൂലം സാധാരണ ജനങ്ങൾക്ക് ലൈസൻസ് ലഭിക്കുവാൻ ഉണ്ടാക്കുന്ന അമിത സാമ്പത്തിക ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ സംസ്ഥാനത്ത് ഡ്രൈവിംഗ് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത കോഴ്സ് ഫീ സർക്കാർ നിശ്ചയിച്ചിട്ടില്ല. മേല്പറഞ്ഞ നിയമംമൂലം ഉയർന്ന നിലവാരത്തിലുള്ള Accredited Driver Traning Centre സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. കോഴ്സ് ഫീ സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ലാത്തതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന കാര്യം ഇപ്പോൾ വിലയിരുത്താൻ കഴിയില്ല.

(സി) കൂത്തക കോർപ്പറേറ്റുകളുടെ കടന്നുകയറ്റത്തെ തടഞ്ഞ്, ഡ്രൈവിംഗ് സ്കൂൾ മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഗതാഗത കമ്മീഷണറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.